ഉത്തരം

(എ) 117

(ബി, സി) ജാതി തിരിച്ചുള്ള കണക്ക് പ്രസിദ്ധീകരിക്കുന്നത് സർക്കാരിന്റെ നയമല്ലാത്തതിനാൽ ഇപ്രകാരമുള്ള കണക്കുകൾ ലഭ്യമല്ല.

ഗസറ്റഡ് ഓഫീസർമാരുടെ പേ സ്ലിപ്പ് സമ്പ്രദായം

716 [841] ശ്രീ. എം. എം. ഹസ്സൻ:
,, കെ. എസ്. നാരായണൻ നമ്പൂതിരി:
,, കെ. കെ. ശ്രീനിവാസൻ:
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ:
,, രാഘവൻ പൊഴക്കടവിൽ:
,, കെ. മുഹമ്മദാലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗസറ്റഡ് ഓഫീസർമാരുടെ പേ സ്ലിപ്പ് സമ്പ്രദായം നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുപകരം എന്തു സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) സംസ്ഥാന ട്രഷറികളിലെ ജോലിഭാരം ലഘൂകരിക്കുന്നതിനുവേണ്ടി ഒരു പരീക്ഷണമെന്ന നിലയിൽ സെക്രട്ടേറിയറ്റിലെ സെക്ഷൻ ഓഫീസർമാരുടെ പേ സ്ലിപ്പ് സമ്പ്രദായം നിർത്തലാക്കാൻവേണ്ടി ഒരു ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ മറ്റൊരുത്തരവുണ്ടാകുന്നതുവരെ ഇത് നടപ്പാക്കുന്നതല്ല. ഭരണപരിഷ്കാര വകുപ്പ് ഇതേക്കുറിച്ച് വിശദമായ ഒരു പഠനം നടത്തിയ ശേഷം സംസ്ഥാനത്തെ എല്ലാ ഗസറ്റഡ് ഓഫീസർമാരുടെയും (ഐ. എ. എസ്.) ഓഫീസർമാർ ഉൾപ്പെടെ പേ സ്ലിപ്പ് സമ്പ്രദായം നിറുത്തലാക്കാൻ ശുപാർശ ചെയ്തിരിക്കുകയാണ്. ഇതേക്കുറിച്ചുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

(ബി) സ്വന്തമായി ബില്ലെഴുതുന്നതിനു പകരം ബന്ധപ്പെട്ട ഓഫീസ് മേലധികാരികളുടെ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിൽ ഉൾപ്പെടുത്തി ശമ്പളം ചെക്കു മുഖാന്തിരം കൊടുക്കുവാനുള്ള ബദൽ സംവിധാനമാണ് ആലോചനയിലുള്ളത്.

എൻ. ജി. ഒ. അസോസിയേഷന്റെ പ്രമേയം

717 [843] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പുറപ്പെടുവിക്കുന്ന നിയമവിരുദ്ധമായ ഉത്തരവുകൾ നടപ്പാക്കേണ്ടതില്ലെന്ന എൻ. ജി. ഒ. അസോസിയേഷൻ അംഗീകരിച്ച പ്രമേയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly